നടക്കുന്ന കേസുകളുടെ നടത്തിപ്പിനും അതിന് ഉപോൽബലകമായ സാങ്കേതിക വിശദാംശങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി ഒരു മുല്ലപ്പെരിയാർ സെല്ലും രൂപീകരിച്ചിട്ടുണ്ട്.

2012-13 ജലവർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജലം പി.എ.പി യിൽ നിന്ന് ലഭിച്ചില്ല. തമിഴ്നാടിന്റെ, പി.എ.പി കരാർ വ്യവസ്ഥാ ലംഘനത്തിനെതിരായി, തമിഴ്നാടിനെതിരായി ബഹു:സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. തുടർന്നും അന്തർ സംസ്ഥാന ജലവിഷയങ്ങളിൽ സംസ്ഥാനതാലപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നതന്നെയാണ് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട്.

സെക്ഷൻ ഓഫീസർ